"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - 2025-2026 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപറേഷൻ മുഖേന നടപ്പിലാക്കുന്ന ഭിന്നശേഷിക്കാരുടെ ക്ഷേമവുമായി ബന്ധപ്പെട്ട ശുഭയാത്ര പദ്ധതിയ്ക്കായി തുക വിനിയോഗിക്കുന്നതിനു പുതുക്കിയ ഭരണാനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.38/2026/SJD തീയതി,തിരുവനന്തപുരം, 03-02-2026

---

പരാമർശം:-

1. 20.05.2025-ലെ സ. ഉ. (സാധാ) നമ്പർ. 109/2025/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്
2. 21.01.2026-ലെ സ. ഉ. (സാധാ) നമ്പർ. 21/2026/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്
3. 23.12.2025-ലെ സ. ഉ. (സാധാ) നമ്പർ. 10292/2025/ധന സർക്കാർ ഉത്തരവ്
4. 29.12.2025-ലെ സ. ഉ. (സാധാ) നമ്പർ. 10400/2025/ധന സർക്കാർ ഉത്തരവ്
5. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 13.01.2026-ലെ കെ.എസ്.എച്ച്.പി.ഡബ്ല്യു.സി/520/2024-എ.5. നമ്പർ കത്ത്.
6. 17.01.2026-ൽ കൂടിയ വകുപ്പുതല വർക്കിങ് ഗ്രൂപ്പ് യോഗത്തിന്റെ നടപടികുറിപ്പ്

**<u>ഉത്തരവ്</u>**

2025-2026 സാമ്പത്തിക വർഷത്തെ സംസ്ഥാന ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപറേഷന് 2235-02-190-98-പ്ലാൻ എന്ന ശീർഷകത്തിൽ 11,00,00,000/- രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്ന് ശുഭയാത്ര പദ്ധതിയ്ക്കായി 3,55,00,000/- രൂപ വിനിയോഗിക്കുന്നതിന് കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ഭരണാനുമതി നൽകി പരാമർശം 1-പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിന്നീട് മേൽപറഞ്ഞ ഭരണാനുമതി ഉത്തരവിൽ ഭേദഗതി വരുത്തി പ്രസ്തുത ശീർഷകത്തിൽ നിന്ന് ശുഭയാത്ര പദ്ധതിയ്ക്കായി 2,55,00,000/- രൂപ മാത്രം വിനിയോഗിക്കുന്നതിന് കോർപറേഷൻ മാനേജിംഗ് ഡയറക്ടർക്ക് പുതുക്കിയ ഭരണാനുമതി നൽകി പരാമർശം 2-പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. തുടർന്ന് സൈഡ് വീൽ സ്കൂട്ടർ ലഭിക്കുന്നതിനായി 1800 അപേക്ഷകളും ഇലക്ട്രോണിക് വീൽ ചെയർ ലഭിക്കുന്നതിനായി 200 അപേക്ഷകളും സ്മാർട്ട് ഫോൺ നല്കുന്നതിനായി ഏകദേശം 500 അപേക്ഷകളും തീർപ്പാക്കാൻ ഉണ്ടെന്ന് കോർപ്പറേഷൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ശുഭയാത്ര പദ്ധതിയിൻ കീഴിൽ സൈഡ് വീൽ സ്കൂട്ടർ വിതരണം, ഇലക്ട്രിക് വീൽ ചെയർ വിതരണം, സ്മാർട്ട് ഫോൺ വിതരണം എന്നീ പദ്ധതികൾക്കായി 2235-02-190-98-പ്ലാൻ എന്ന ശീർഷകത്തിൽ പരാമർശം 3, 4 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അധികധനാനുമതിയായി 23,85,00,000/- രൂപ (23,15,00,000/- രൂപ + 70,00,000/- രൂപ എന്നീ ക്രമത്തിൽ) അനുവദിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിക്കായി 23,85,00,000/- രൂപയ്ക്ക് കൂടി ഭരണാനുമതി നല്കണമെന്ന് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. പരാമർശം 6-പ്രകാരമുള്ള വകുപ്പുതല വർക്കിങ് ഗ്രൂപ്പ് യോഗത്തിൽ മേൽ പ്രൊപ്പോസൽ പരിഗണിക്കുകയും ഇംപ്ലിമെന്റേഷൻ ചാർജ് പരമാവധി 54,00,000/- രൂപയിൽ നിജപ്പെടുത്തിക്കൊണ്ട് ഭരണാനുമതി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം-2 സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപറേഷന്റെ ശുഭയാത്ര പദ്ധതിയ്ക്കായി 2,55,00,000/- രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കിയിരുന്നു. ടി തുക ഉൾ പ്പെടെ സംസ്ഥാനത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ 2235-02-190-98-പ്ലാൻ ശീർഷകത്തിൽ കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപറേഷന് വകയിരുത്തിയിട്ടുള്ള മൊത്തം 34,85,00,000/- രൂപയിൽ (11,00,00,000/- രൂപ + 23,85,00,000/- രൂപ) നിന്നും ശുഭയാത്ര പദ്ധതിക്കായി ആകെ 26,40,00,000/- രൂപ (ഇരുപത്തിയാറ് കോടി നാല്പത് ലക്ഷം രൂപ മാത്രം) ചുവടെ പറയുന്ന പട്ടിക പ്രകാരം,സർക്കാരിന്റെ ധനവിനിയോഗത്തിന്റെ നടപടിക്രമങ്ങൾ സൂക്ഷ്മമായി പാലിച്ചുകൊണ്ട് , തുക വിനിയോഗിക്കുന്നതിന് ഭിന്നശേഷിക്ഷേമ കോർപറേഷൻ മാനേജിംഗ് ഡയറക്ടർക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | സ്കീം / പദ്ധതി | തുക |
|---|---|---|
| ശുഭയാത്ര പദ്ധതി | | |
| 1 | സൈഡ് വീൽ സ്കൂട്ടർ വിതരണം | 25,86,00,000/- രൂപ |
| 2 | ഇലക്ട്രിക് വീൽ ചെയർ വിതരണം | |
| 3 | സ്മാർട്ട് ഫോൺ വിതരണം | |
| 4 | പ്രോജക്ട് ഇംപ്ലിമെന്റേഷൻ ചാർജ്ജ് | 54,00,000/- രൂപ |
| ആകെ തുക | | 26,40,00,000/- രൂപ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ അദീല അബ്ദുള്ള ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്
ഡയറക്ടർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 03-02-2026 16:07:20
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി